നെൽവയൽ സംരക്ഷിക്കാൻ നിയമപോരാട്ടം നടത്തുന്ന കർഷകനും സി.പി.ഐ നേതാവുമായ

**ടി.എൻ. മുകുന്ദൻ**

# മലബാർ ഡവലപേഴ്സിന്റെ നിലം നികത്തൽ എങ്ങനെ പൊതു ആവശ്യമാകും?

**നെൽവയൽ**-തണ്ണീർത്തട നിയമത്തിന്റെ ലംഘനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷമായി ഒട്ടേറെ നിയമപോരാട്ടങ്ങൾ ഞാൻ നടത്തുന്നുണ്ട്. മുൻമന്ത്രി തോമസ് ചാണ്ടിയുടെ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് അടക്കം അതിൽ ഉൾപ്പെടും. സമാനമായ മറ്റൊരു കേസാണ് തൃശൂർ ജില്ലയിലെ മരത്താക്കരയിലെ മലബാർ ഡവലപേഴ്സിന്റെ വയൽ നികത്തൽ. മലബാർ ഗോൾഡ് എന്ന പ്രമുഖ സ്ഥാപനത്തിന്റെ സ്വകാര്യ പദ്ധതിയാണിത്. സ്വകാര്യ ഐ.ടി പാർക്ക് എന്നു പറഞ്ഞുകൊണ്ടാണ് അവർ ഇതിന്റെ നടപടികൾ ആരംഭിക്കുന്നത്. ആ പ്രദേശം സർക്കാർ വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയും സ്വകാര്യ പദ്ധതി ഒരു പൊതുആവശ്യമാക്കി മാറ്റുകയുമായിരുന്നു. താഴത്തെ നിലയിൽ സ്വർണ്ണ വ്യാപരവും ഒന്നാം നിലയിൽ സ്വകാര്യ ഐ.ടി പാർക്കും അതിന് മുകളിലേക്കുള്ള 24 നിലകളിൽ അപാർട്മെന്റുകളുമായിരുന്നു മലബാർ ഡവലപേഴ്സിന്റെ പ്ലാൻ. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി പൈലിംഗ് നടത്തുന്നതിനുള്ള പാരിസ്ഥിതിക അനുമതിക്കായി അവർ സ്റ്റേറ്റ് അതോറിറ്റിക് അപേക്ഷ നൽകുകയും തുടർന്ന് വലിയ ചുറ്റുമതിൽ കെട്ടി പാടത്ത് നിന്നുള്ള കളിമണ്ണെടുത്ത് വിൽക്കാൻ തുടങ്ങുകയും ചെയ്തു. കളിമണ്ണെടുത്ത് വിറ്റാൽത്തന്നെ ഭൂമി വാങ്ങുന്നതിനായി ചിലവാക്കിയ തുകയുടെ നല്ല ശതമാനം ഇവർക്ക് തിരികെകിട്ടും. കളിമണ്ണ് കയറ്റിയ ലോറികൾ പുറത്തേക്ക് പോകാൻ തുടങ്ങുമ്പോഴാണ് ഞങ്ങൾ ഇതറിയുന്നത്. തുടർന്ന് വസ്തുതകൾ അന്വേഷിച്ചപ്പോഴാണ് തൃശൂർ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഈ സ്ഥലം കരട് ഡാറ്റാ ബാങ്കിൽ നെൽവയൽ എന്ന് കാണിച്ചിട്ടുള്ള ഭൂമിയാണെന്നും 2013 വരെ കൃഷി നടന്ന നെൽപ്പാടങ്ങളാണെന്നും വ്യക്തമായത്. കൃഷി ചെയ്തിരുന്നവർ കൃഷിവകുപ്പിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയതിനും രേഖകളുണ്ട്. അങ്ങനെയാണ് ഞാൻ ഇതിനെതിരെ ലോകായുക്തയിൽ കേസ് കൊടുക്കുന്നത്. കേസിൽ കഴമ്പുണ്ടെന്ന് മനസ്സിലാക്കിയ ലോകായുക്ത ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തുകയും അവർ അന്വേഷണ റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഹിയറിംഗ് നടന്നിട്ടില്ല. പ്രാദേശികതല നിരീക്ഷണ സമിതി അനുമതി നിഷേധിച്ച പദ്ധതിയാണിത്. മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്ന ഭൂമിയാണിതെന്നും ഇപ്പോഴും കൃഷി ചെയ്യാൻ യോഗ്യമാണെന്നും അതിനാൽ അനുമതി നൽകാൻ കഴിയില്ലെന്നുമാണ് സമിതി പറഞ്ഞത്. ഞാൻ പരാതിപ്പെട്ടിട്ടുള്ള മിക്ക വയൽനികത്തലുകളും പ്രാദേശികതല നിരീക്ഷണ സമിതികൾ അനുമതി നിഷേധിച്ച കേസുകളാണ്. പക്ഷെ നിയമത്തിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചില തടസ്സങ്ങളുണ്ട്. അതെന്താണെന്ന് നോക്കാം. പ്രാദേശികതല നിരീക്ഷണ സമിതിക്ക് ഒരു പരാതി ലഭിച്ചാൽ അവർ സ്ഥലവും രേഖകളും പരിശോധിച്ച് നിലംനികത്തിയതായി ബോധ്യപ്പെട്ടാൽ ആർ.ഡി.ഒയ്ക്ക് അത് റിപ്പോർട്ട് ചെയ്യും. ആർ.ഡി.ഒ കളക്ടർക്ക് അത് കൈമാറുന്നു. പരാതിക്കാരനെയും അനധികൃതമായി നികത്തിയ ആളെയും വിളിച്ച് കളക്ടർ ഹിയറിംഗ് നടത്തുന്നു. അനധികൃതമായ നികത്തലാണ് നടന്നിരിക്കുന്നതെന്ന് ബോധ്യമായാൽ ഒരു മാസത്തിനുള്ളിൽ അത് പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവിടുന്നു. സ്ഥലം ഉടമതന്നെ ഇത് പൂർവ്വസ്ഥിതിയിൽ ആക്കിയോ എന്ന് കൃഷി ഓഫീസറും വില്ലേജ് ഓഫീസറും പരിശോധിക്കുകയും ഇല്ലെങ്കിൽ അസിസ്റ്റന്റ് തഹസീൽദാർക്ക് അത് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. അസിസ്റ്റന്റ് തഹസീൽദാർ വയൽ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള തുക റവന്യൂ റിക്കവറിയിലൂടെ ഉടമയിൽ നിന്നും വസൂലാക്കുകയും ഭൂമി പൂർവ്വസ്ഥിതിയിൽ ആക്കിയതായി കളക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും വേണം എന്നാണ് നിയമം പറയുന്നത്. ഒരു മാസത്തിനുള്ളിൽ ഈ പ്രക്രിയ നടക്കാറില്ല. മറിച്ചാണ് പകരം നടക്കുന്നത്. ഭൂമി നികത്തിയ വ്യക്തിതന്നെ ഭൂമി പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടില്ല എന്ന് കൃഷി ഓഫീസർ തഹസീൽദാർക്ക് റിപ്പോർട്ട് ചെയ്യും. പ്രസ്തുത സ്ഥലം പൂർവ്വസ്ഥിതിയിലാക്കാൻ എത്ര തുക വേണ്ടിവരുമെന്ന് വിലയിരുത്താൻ തഹസീൽദാർ വില്ലേജ് ഓഫീസറോട് ആവശ്യപ്പെടും. ഇത്ര ലോഡ് മണ്ണ് നീക്കം ചെയ്യുന്നതിന് ഇത്ര തുക വരും എന്ന് സ്ഥലം പരിശോധിച്ചശേഷം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യും. മണ്ണ് നീക്കം ചെയ്യാൻ വേണ്ടി ആ തുക അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് തഹസീദാർ കളക്ടർക്ക് കത്തയയ്ക്കും. കളക്ടർ അത് സർക്കാരിന് കൈമാറും. സർക്കാർ ഒരിക്കലും ആ തുക പാസാക്കില്ല. ഫയൽ അവിടെ നിശ്ചലമാകും. ഇതിനിടയിൽ അനധികൃതമായി ഭൂമി നികത്തിയയാൾ അവിടെ വാഴയും അടയ്ക്കയുമെല്ലാം

വയ്ക്കും. എന്നിട്ട്, ഇത് താൻ വർഷങ്ങളായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയാണെന്ന് കാണിച്ച് ഹൈക്കോടതിയെ സമീപിക്കും. കേസ് ഹൈക്കോടതിയിൽ നിൽക്കും. പിന്നെ കളക്ടർക്ക് ഒരു നടപടിയും അക്കാര്യത്തിൽ എടുക്കാൻ കഴിയില്ല. നിയമം നിലവിൽ വന്ന 2008 മുതൽ ഇന്നുവരെ ഇതാണ് കേരളത്തിൽ നടക്കുന്നത്. തൃശൂർ ജില്ലയിൽ ഒരു സ്ഥലത്തുപോലും അനധികൃതമായി നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടില്ല.

ഡാറ്റാ ബാങ്ക് പൂർത്തിയാകാത്തതാണ് നിയമത്തിന്റെ നടപടിക്രമങ്ങളെ ഇത്തരത്തിൽ ദുർബലപ്പെടുത്തിയത്. ഒരാൾ പാടം നികത്തിയത് അനധികൃതമാണെന്ന് ബോധ്യപ്പെട്ടാൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി 48 മണിക്കൂറിനുള്ളിൽ ഏറ്റവും അടുത്ത ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പ്രസ്തുത കക്ഷിക്കെതിരെ കേസ് ഫയൽ ചെയ്യണം. തൃശൂർ ജില്ലയിൽ ഒരു കേസ് പോലും ഇത്തരത്തിൽ ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഡാറ്റാ ബാങ്ക് പൂർത്തിയായിട്ടില്ല എന്നതാണ് അതിന് പ്രധാന കാരണം. തണ്ണീർത്തട നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്ത സ്ഥലമാണോ ഇത് എന്ന് കേസുമായി ചെല്ലുമ്പോൾ കോടതി ചോദിക്കും. ആദ്യം ഡാറ്റാ ബാങ്ക് നടപടികൾ പൂർത്തിയാക്കിയ ശേഷം കേസ് പരിഗണിക്കാം എന്ന് പറയും. തൃശൂർ ജില്ലയിൽ തന്നെ നാലോ അഞ്ചോ പഞ്ചായത്തുകൾ മാത്രമാണ് അന്തിമ ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കുന്നത്. കരട് ഡാറ്റാ ബാങ്ക് പലയിടത്തും തയ്യാറാക്കിയിട്ടുണ്ട്. ഗസറ്റിൽ വിജ്ഞാപനം ചെയ്താൽ മാത്രമേ അതിന് നിയമപ്രാബല്യം ലഭിക്കൂ. ചുരുക്കത്തിൽ, നികത്തൽ തടഞ്ഞുകൊണ്ടുള്ള ഒരു സ്റ്റോപ് മെമ്മോ കിട്ടും എന്നതു മാത്രമാണ് നെൽവയൽ-തണ്ണീർത്തട നിയമം വന്നതുകൊണ്ടുള്ള ആശ്വാസം.

നിലവിലുള്ള നിയമം ഇത്രയും ദയനീയമായ സ്ഥിതിയിൽ നിൽക്കുമ്പോഴാണ് ഭേദഗതിയിലൂടെ സർക്കാർ നിയമത്തെ ദുർബലപ്പെടുത്തിയിരിക്കുന്നത്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നൊരു ഭൂപദവി സൃഷ്ടിച്ച് നികത്തലുകളെ ന്യായീകരിക്കുന്നതിനാണ് ഭേദഗതിയിലൂടെ ശ്രമിക്കുന്നത്. ഭൂമിയെ സംബന്ധിച്ച അടിസ്ഥാന വില്ലേജ് രേഖയായ ബി.ടി.ആറിൽ വയൽ എന്ന് കാണിച്ചിരിക്കുന്നതും ഇപ്പോൾ പുരയിടമായി കാണുന്നതുമായി സ്ഥലങ്ങളാണ് ഇങ്ങനെ ക്രമപ്പെടുത്താൻ പോകുന്നത്. ബി.ടി.ആറിൽ വയൽ എന്ന് കാണുന്നുണ്ടെങ്കിൽ അത് വയൽ തന്നെയാണ്. നികത്തൽ നടത്താതെ അത് പുരയിടമായി മാറില്ല. അത്തരം ഭൂമി അതിന്റെ ന്യായവിലയുടെ അമ്പത് ശതമാനം അടച്ച് ക്രമപ്പെടുത്തിക്കൊടുക്കുക എന്നത് നിയമപരമായി സാധ്യമല്ല. ബി.ടി.ആർ രേഖകളിൽ ഒരുതരത്തിലുള്ള തിരുത്തും പാടില്ല എന്ന സുപ്രീംകോടതി ഉത്തരവിന്റെ ലംഘനമായി അത് മാറും.

പൊതുആവശ്യം എന്നതാണ് ഭേദഗതിയിലെ അപകടകരമായ മറ്റൊരു കാര്യം. തൃശൂർ പുഴയ്ക്കലിലെ കിൻഫ്രയെ ഉദാഹരണമായി എടുക്കാം. 40 ഏക്കർ വയൽ അവിടെ സർക്കാർ പൊന്നുംവിലയ്ക്ക് വാങ്ങി കിൻഫ്രയ്ക്ക് കൈമാറുകയായിരുന്നു. കിൻഫ്രയുടെ പേരിൽ അയ്യന്തോൾ വില്ലേജ് ഓഫീസിൽ പോക്കുവരവ് ചെയ്യുകയും അവർ കരമടയ്ക്കുകയും ചെയ്യുന്നുണ്ട്. അതിൽ നിന്നും പത്ത് ഏക്കർ ഭൂമി മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതിനായി കിൻഫ്ര കൈമാറി. ബാക്കി 30 ഏക്കർ പാടത്ത് മണ്ണടിച്ച് നിരപ്പാക്കുന്നതിനായി സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനായി ഭേദഗതി ഓർഡിനൻസ് വന്നയുടൻ അതിലെ 27 (7) സി വകുപ്പ് പ്രകാരം കിൻഫ്രയുടെ ജി.എമ്മും മുൻ തൃശൂർ കളക്ടർ കൗശികനും ആർ.ഡി.ഒയ്ക്ക് കത്തയച്ചു. ആർ.ഡി.ഒ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ കൃഷി-വില്ലേജ് ഓഫീസർമാരോട് ആവശ്യപ്പെട്ടു. ഇത് വയലായിക്കിടക്കുന്ന ഭൂമിയാണെന്നും കൃഷി ചെയ്യാൻ യോഗ്യമാണെന്നും എന്നാൽ കിൻഫ്ര ജലസംരക്ഷണ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അത് അവർക്ക് പരിവർത്തനപ്പെടുത്താമെന്നും കൃഷി-വില്ലേജ് ഓഫീസർമാർ റിപ്പോർട്ട് നൽകി. ആർ.ഡി.ഒ അതുപ്രകാരം നികത്താൻ സർക്കാരിന് ശുപാർശ ചെയ്യുകയും ചെയ്തു. ഈ നടപടികൾ നെൽവയൽ-തണ്ണീർത്തട നിയമത്തിന് എതിരാണെന്ന് ചൂണ്ടിക്കാണിച്ച് ഞങ്ങൾ കളക്ടർക്ക് പരാതി നൽകുകയുണ്ടായി. അതുപ്രകാരം കൃഷി ഓഫീസർ വീണ്ടും സ്ഥല പരിശോധന നടത്തുകയും വയൽ നികത്താൻ പാടില്ലെന്ന് കാണിച്ച് കിൻഫ്രയ്ക്ക് കത്തെഴുതുകയും ചെയ്തു. പൊതുആവശ്യം എന്ന മറവിലാണ് കിൻഫ്ര ഇത് നികത്താൻ പോകുന്നത്.

പൊതുആവശ്യത്തിന് കൃഷിയോഗ്യമായ ഈ വയൽതന്നെ നികത്തണോ എന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന ചോദ്യം. തരിശുനിലം എവിടെയുണ്ടെങ്കിലും അവിടെയെല്ലാം കൃഷി ചെയ്യുമെന്ന് പറയുന്ന കൃഷി മന്ത്രിയുടെ സ്വന്തം മണ്ഡലത്തിലാണ് ഇത് നടക്കുന്നത്. മെത്രാൻ കായലിൽവരെ കൃഷി ചെയ്യുന്ന മന്ത്രിക്ക് എന്തുകൊണ്ടാണ് സ്വന്തം മണ്ഡലത്തിലെ പുഴയ്ക്കൽ പാടത്ത് കൃഷി ചെയ്യാൻ കഴിയാത്തത്? ■